**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6008** **09-07-2024 - ൽ മറുപടിയ്ക്ക്**

**ചെറുകിട വ്യാപാരികൾ നേരിടുന്ന പ്രതിസന്ധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ** | | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ ഓൺലൈൻ വ്യാപാര മേഖലയെ നിയന്ത്രിക്കുന്നതിന് സർക്കാരിന് ഏതെങ്കിലും തരത്തിലുള്ള ഇടപെടൽ നടത്തുവാൻ സാധിക്കുമോ എന്ന് വ്യക്തമാക്കുമോ; | (എ) | ഓൺലൈൻ വ്യാപാരം നിയന്ത്രിക്കുന്നതിന് പ്രധാനമായും നിയമനിർമാണം സാധ്യമാകുന്നത് കേന്ദ്രസർക്കാരിനാണ്. ഓൺലൈൻ വ്യാപാരസ്ഥാപനങ്ങൾക്കു GST രജിസ്ട്രേഷൻ ഉണ്ടായിരിക്കേണ്ടതാണ് |
| (ബി) | ഓൺലൈൻ വ്യാപാരം വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ സംസ്ഥാനത്തെ ചെറുകിട വ്യാപാരികൾ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് എന്തൊക്കെ നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (ബി) | സൂക്ഷ്മ ചെറുകിട, ഇടത്തരം സംരംഭങ്ങളെയും ചെറുകിട വ്യാപാരികളെയും ഓൺലൈൻ പ്ലാറ്റ്ഫോമിലേക്ക് പ്രവേശനം നേടുന്നതിന് സഹായിക്കുക വഴി അവർക്കു പുതിയ വിപണി അവസരങ്ങൾ സൃഷ്ടിക്കുകയും അതുവഴി ഡിജിറ്റൽ കൊമേഴ്സ് മേഖലയിലെ വൻകിട പ്ലാറ്റ്ഫോമുകളുടെ കുത്തകകൾ കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ ഓപ്പൺ നെറ്റ് വർക്ക് ഫോർ ഡിജിറ്റൽ കൊമേഴ്സ് (ONDC) എന്ന പ്ലാറ്റ്ഫോം നിലവിൽ വന്നിട്ടുണ്ട്. ONDC പ്രോഗ്രാമിനോടുള്ള സർക്കാരിന്റെ പ്രതിബദ്ധത ഉറപ്പിക്കുന്നതിനായി കേരള സർക്കാരും ONDC യും തമ്മിലുള്ള ഒരു ധാരണാപത്രം (MOU) 2023 ജൂൺ 23-ന് ഒപ്പുവച്ചിട്ടുണ്ട്. കേരളത്തിലെ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭകരുടെ ഉൽപ്പന്നങ്ങൾ ONDC പ്ലാറ്റ്ഫോമിൽ onboard ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ ONDC യുമായി ചേർന്ന് സ്വീകരിച്ചു വരുന്നു.<br><br>കൂടാതെ, കേരളത്തിൽ ഉൽപാദിപ്പിക്കപ്പെടുന്ന സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭകരുടെ ഉൽപ്പന്നങ്ങൾക്കും വ്യവസായ വകുപ്പിന്റെ കീഴിലെ പൊതുമേഖല സ്ഥാപനങ്ങളുടെ ഉൽപ്പന്നങ്ങൾക്കും വിപണി ലഭ്യതയ്ക്കായി ഓൺലൈൻ വ്യാപാരത്തി നായുള്ള സംവിധാനമായി ഇ-പോർട്ടൽ (www.keralaemarket.com/www.keralaemarket.org) രൂപീകരിച്ചിട്ടുണ്ട്. ഈ വെബ് പോർട്ടലിലൂടെ കേരളത്തിലെ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങ ൾക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കും അവരുടെ |

| | | | |
|---|---|---|---|
| | | | ഉൽപ്പന്നങ്ങൾക്ക് ദേശീയ അന്തർദേശീയ തലത്തിൽ വിപണി കണ്ടെത്തുവാൻ സാധിക്കും. |

സെക്ഷൻ ഓഫീസർ